# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2761 19.12.2012-ൽ മറുപടിയ്ക്ക്

## പ്രീ- മെട്രിക് ഹോസ്റ്റൽ വാർഡൻമാരുടെ യോഗ്യതയും വിദ്യാർത്ഥികൾക്കു നൽകുന്ന സൗകര്യങ്ങളും

ചോദ്യം

ശ്രീ. കോവൂർ കുഞ്ഞുമോൻ

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വാർഡന്മാരുടെ യോഗ്യത എസ്.എസ്.എൽ.സി മാത്രമായതിനാൽ ഹോസ്റ്റലിന്റെ മേലധികാരി എന്ന നിലയിൽ എങ്ങനെയാണ് ഇവർക്ക് ബി.എഡ് ബിരുദധാരികളായ ട്യൂട്ടർമാരുടെ അധ്യാപന നിലവാരവും +2 വരെയുള്ള വിദ്യാർത്ഥികളുടെ പഠനനിലവാരവും വിലയിരുത്തുവാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ മേലധികാരി അതാത് ജില്ലാ ഓഫീസർമാരാണ്. ബി.എഡ് ബിരുദധാരികളായ ട്യൂട്ടർമാരെ നിയമിക്കുന്നതും അവരുടെ അദ്ധ്യാപന നിലവാരം വിലയിരുത്തുന്നതും ജില്ലാ ഓഫീസർ തലത്തിലാണ്. |
| (ബി) | ഹോസ്റ്റൽ അന്തേവാസികൾക്ക് ഐ.റ്റി. ഉൾപ്പെടെയുള്ള എല്ലാ വിഷയങ്ങൾക്കും ട്യൂഷൻ നൽകുന്നുണ്ടോ; | (ബി) | ഇല്ല. ഹൈസ്കൂൾ വിഭാഗത്തിന് ഇംഗ്ലീഷ്, കണക്ക്, ഹിന്ദി, സയൻസ് എന്നീ വിഷയങ്ങൾക്കും യു.പി വിഭാഗത്തിന് ഐ.റ്റി ഒഴിച്ച് എല്ലാ വിഷയത്തിനും ട്യൂഷൻ നൽകുന്നുണ്ട്. |
| (സി) | ഒരു അന്തേവാസിക്ക് ഒരു ദിവസത്തെ ഭക്ഷണത്തിന് എന്ത് തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത തുകയ്ക്ക് തൃപ്തികരമായ പോഷണമൂല്യമുള്ള | (സി) | ഒരു അന്തേവാസിക്ക് ഒരു ദിവസം 43 രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുകയ്ക്ക് തൃപ്തികരമായ പോഷണമൂല്യമുള്ള ഭക്ഷണം |

(----2)

| | | | |
|---|---|---|---|
| | ഭക്ഷണം നൽകുന്നതിന് സാധിക്കുന്നുണ്ടോ; | | നൽകുന്നതിന് സാധിക്കുന്നുണ്ട്. |
| (ഡി) | എന്തുകൊണ്ടാണ് വാർഡൻമാർക്ക് പട്ടികജാതി വികസന ഓഫീസറായോ, മറ്റ് പ്രമോഷൻ തസ്തികയിലേക്കോ ഉദ്യോഗ കയറ്റം നൽകാത്തതെന്ന് വ്യക്തമാക്കുമോ? | (ഡി) | വാർഡൻമാർക്ക് പട്ടികജാതി വികസന ഓഫീസറായോ, മറ്റ് പ്രൊമോഷൻ തസ്തികയിലേയ്ക്കോ ഉദ്യോഗ കയറ്റം നൽകുന്നത് സംബന്ധിച്ച് ചട്ടങ്ങൾ നിലവിലില്ല. |

Sali K J

**സെക്ഷൻ ഓഫീസർ**